No.4031/B.Pharm(LE)/2012/TA4/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2012

1. കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2012-13 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യത:**

   (i) നേറ്റിവിറ്റി : അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) വിദ്യാഭ്യാസ യോഗ്യത: ഡി.ഫാം (ഡിപ്ലോമ ഇൻ ഫാർമസി). (അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച്, സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്ല്യ പരീക്ഷ എഴുതി രണ്ടാം വർഷ ഡി.ഫാം പരീക്ഷയ്ക്ക് 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം). എസ്.ഇ.ബി.സി / ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 45% മാർക്ക് എങ്കിലും നേടിയിരിക്കണം. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ യോഗ്യതാ പരീക്ഷ പാസ്സായിരുന്നാൽ മതി.

   (iii) വയസ്സ്: പ്രവേശനത്തിന് ഉയർന്ന പ്രായപരിധിയില്ല.

3. **പ്രവേശന പരീക്ഷ:** ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ, **2012 നവംബർ മാസം 11 -ാം തീയതി (ഞായർ)** തിരുവനന്തപുരത്തു നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതാണ്.

   പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ ദൈർഘ്യമുള്ള, 100 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും. **എസ്.സി/എസ്.ടി വിഭാഗങ്ങൾ ഒഴികെയുള്ള അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷയിൽ യോഗ്യത നേടി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മിനിമം 10% മാർക്ക് നേടിയിരിക്കണം.**

4. **അപേക്ഷാഫോറം** : അപേക്ഷാ ഫോറത്തിന്റെ മാതൃകയും പ്രോസ്പെക്ടസ്സും '**www.cee-kerala.org**' എന്ന വെബ് സൈറ്റിൽ **09.10.2012** മുതൽ ലഭിക്കുന്നതാണ്. ജനറൽ വിഭാഗത്തിനും SC/ST വിഭാഗത്തിനും വെവ്വേറെ അപേക്ഷാ ഫാറങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാ ഫോറത്തിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. ജനറൽ വിഭാഗം അപേക്ഷാ ഫീസ് 300/- രൂപ; SC/ST വിഭാഗം അപേക്ഷാ ഫീസ് 150/- രൂപ. കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷാ ഫോറത്തിനോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ

പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാ ഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ്/ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതല്ല.

5. **പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : പൂരിപ്പിച്ച അപേക്ഷാഫോമും അനുബന്ധ രേഖകളും ചെലാൻ/ഡിമാന്റ് ഡ്രാഫ്റ്റും **2012 ഒക്ടോബർ മാസം 20 - ാം തീയതി (ശനിയാഴ്ച )** വൈകുന്നേരം 5 മണിക്കു മുമ്പായി നേരിട്ടോ / രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ "**കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ഓൺലൈൻ അഡ്മിറ്റ് കാർഡുകൾ **02.11.2012** മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

6. വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഉത്തരവാദിയായിരിക്കുകയില്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവോനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

9. പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് യോഗ്യത നേടിയ എല്ലാവരും ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റ്, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതും, പ്രസ്തുത ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

10. സീറ്റ് അലോട്ടുമെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസ്സ് വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

കുറിപ്പ്: സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും ' www.cee-kerala.org എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2012 ലെ ബി.ഫാം (ലാറ്ററൽ എൻട്രി) പ്രോസ്പെക്ടസ്സിലുള്ള പ്രവേശന പരീക്ഷ, കോഴ്സ്, സീറ്റ് വിതരണം, വിവിധ വിഭാഗങ്ങൾക്കുള്ള സംവരണം മുതലായവ സംബന്ധിക്കുന്ന വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09.10.2012